ശ്രീ. ഇ.വ. ചന്ദ്രശേഖരൻനായർ : കെ. എം. കെ. ഫാക്ടറി ഉടമസ്ഥന് ഗവണ്മെൻറിൽനിന്നും ധനസഹായം ചെയ്തുകൊടുത്തു ഫാക്ടറി തുറപ്പിക്കുന്നതാണെന്നു പറഞ്ഞിരുന്നു. അതിന് എന്തു നടപടി എടുത്തു ?

ശ്രീ. കെ. പി ഗോപാലൻ : ഗ്യാരൻറി കൊടുക്കാൻ ഗവണ്മെൻറ് മുതിർന്നെങ്കിലും വസ്തുക്കളുടെ കാര്യത്തിൽ നിയമപരമായ ചില സാങ്കേതിക തടസ്സങ്ങളുള്ളതുകൊണ്ട് അത് ഇപ്പോൾ കൊടുക്കാൻ കഴിയാത്ത നിലയിലെത്തിയിരിക്കുകയാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ : കെ. എം. കെ. എസ്. ഫാക്ടറി തൊഴിലാളികൾക്ക് കിട്ടേണ്ട വേതനങ്ങളെല്ലാം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : എനിക്ക് നല്ല നിശ്ചയമില്ല.

Mr. Speaker : That is an answer which is to be legitimately expected from the Labour Minister.

ശ്രീ. കെ. ഭാർഗ്ഗവൻ : സംസ്ഥാനത്തിനു പുറത്തുള്ള ഏതെങ്കിലും കമ്പനികൾ അടച്ചുപൂട്ടിയിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ തുടർന്നു നടത്താൻ തയാറാണെന്നു ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ഗവണ്മെൻറിനെ ആരും അറിയിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തിനു പുറത്തുള്ള ആളുകൾ ഫാക്ടറി വിലയ്ക്കു വാങ്ങിക്കുന്ന കാര്യത്തെപ്പറ്റി ആലോചിച്ചിട്ടുണ്ട്. അതിനെസംബന്ധിച്ച് അവർ ഫാക്ടറി ഉടമസ്ഥന്മാരുമായി കൂടിയാലോചന നടത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

മഹിളാ സംഘടനകൾ.

* 1534. [24] ശ്രീ. സി. കുഞ്ഞുകൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാഅടിസ്ഥാനത്തിൽ മഹിളാസംഘടനകൾ രൂപീകരിക്കുവാൻ കളക്ടറന്മാർക്ക് ഗവണ്മെൻറ് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻറെ അടിസ്ഥാനത്തിൽ ഏതെല്ലാം ജില്ലകളിൽ മഹിളാസംഘടനകൾ രൂപീകരിച്ചിട്ടുണ്ട് ;

(സി) കണ്ണൂർ ജില്ലയിൽ രൂപീകരിച്ച മഹിളാസംഘടനയുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ കളക്ടർ കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് ?

മുഖ്യമന്ത്രി (ശ്രീ. ഇ.വ. എം. എസ്സ്. നമ്പൂതിരിപ്പാട്) : (എ) കൊടുത്തിട്ടുണ്ട്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇ. പി. പൗലോസ് : സോഷ്യൽ വെൽഫെയർ ബോർഡിൻറെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള മഹിളാസംഘടനകൾ ജില്ലാ അടിസ്ഥാനത്തിൽ പുനഃസ്സംഘടിപ്പിക്കണമെന്നാണോ, അതോ ജില്ലയിലുള്ള എല്ലാ മഹിളകളേയും സംഘടിപ്പിക്കണമെന്നാണോ നിർബന്ധം പിടിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: സോഷ്യൽ വെൽഫെയർ ബോർഡിന്റെ കീഴിലുള്ളതായാലും, മറ്റെന്തിന്റെ കീഴിലുള്ളതായാലും ശരി ഇല്ലയിലുള്ള എല്ലാ മഹിളാസംഘടനകളേയും കൂട്ടിച്ചേർത്തു സംഘടിപ്പിക്കുവാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ശ്രീ. ഇ. പി. പൗലോസ്: നിലവിലുള്ള മഹിളാസമാജങ്ങളെ എല്ലാം കൂട്ടിച്ചേർത്തു സംഘടിപ്പിക്കണമെന്നാണോ അതോ മലബാറിലെ മഹിളകളെസംഘടിപ്പിക്കുവാനുള്ള നിർദ്ദേശംമാത്രമാണോ കൊടുത്തിട്ടുള്ളത്?

ശ്രീ. ഇ. എം. എസ്സ് നമ്പൂതിരിപ്പാട്: ഈ സ്റ്റേറിലെ മഹിളാ സംഘടനകളെ സംഘടിപ്പിക്കുവാനാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്.

കളക്ടർക്കാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. കളക്ടർ അതാതു ഡിസ്ട്രിക്ടിലുള്ള മഹിളാ സംഘങ്ങളെയെല്ലാം വിളിച്ച് അവരുമായി ആലോചിച്ച് മഹിളാസംഘടന ഉണ്ടാക്കണമെന്നാണ് നിർദ്ദേശം.

ശ്രീ. സി. എ. മാത്യു: ബ്ലോക്കിന്റെ കീഴിൽ സംഘടിപ്പിക്കപ്പെടുന്ന മഹിളാസംഘടനകളുടെ ഔദ്യോഗികസ്ഥാനങ്ങളിൽ പുരുഷന്മാരെ വച്ചു കൊണ്ടിരിക്കുവാൻ തീരുമാനം ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: മഹിളാ സംഘടനകളുടെ കോൺസ്റ്റീറ്റ്യൂഷൻ എന്തായിരിക്കണമെന്നുള്ളതിനെപ്പറ്റി തീരുമാനിച്ചിട്ടില്ല. ഇന്നു നിലവിലുള്ള ഏതെങ്കിലും സംഘടനകളിൽ ഒരു പുരുഷനേയെങ്കിലും മറ്റോ വച്ചിരിക്കുകയില്ലാ എന്നു തീർത്തുപറയുവാനും നിവൃത്തിയില്ല. പക്ഷെ, ഇല്ലാ സംഘടന ഉണ്ടാക്കുന്നതു് എല്ലാ മഹിളാസംഘടനകളെയും ഉൾപ്പെടുത്തിയാണ്. അവരെ വിളിച്ചുവരുത്തി കൂടിയാലോചന നടത്തിയാണ്. അതിൽ പുരുഷന്മാർ ഉണ്ടായിരിക്കുകയില്ല.

ശ്രീമതി ലീലാ ദാമോദരമേനോൻ: ഇപ്പോൾ എൻ. ഇ. എസ്. ബ്ലോക്കിലുള്ള മഹിളാസംഘടനകളെ മാത്രം ചേർത്താണോ, സംഘടനയുണ്ടാക്കിയിട്ടുള്ളതു്, അതോ എൻ. ഇ. എസ്. ബ്ലോക്കിൽ പെടാത്ത മഹിളകളേയും ചേർക്കുമോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: എല്ലാ മഹിളകളേയും ഉൾപ്പെടുത്തും.

ശ്രീ. ഇ. പി. പൗലോസ്: ഗവണ്മെന്റിന്റെ യാതൊരു നിയന്ത്രണവും കൂടാതെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ മഹിളകൾ ആഗ്രഹിച്ചാൽ അതനുവദിക്കുമോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: അനുവാദത്തിന്റെ പ്രശ്നമേ ഇവിടേ വരുന്നില്ല. മഹിളകളുടെ സാമൂഹ്യവും വർഗ്ഗപരവുമായ അഭിവൃദ്ധിക്കുവേണ്ടി മഹിളാസംഘടനകളും, സംഘടനയിൽപെടാത്തവരും എല്ലാവരും കൂടി യോജിച്ചു പ്രവർത്തിക്കുവാനുള്ള ഒരു പൊതുരംഗം സൃഷ്ടിക്കുവാൻ സാദ്ധ്യതയുണ്ടോ എന്നാരാഞ്ഞു് ആ രംഗത്തു് യോജിച്ചു് പ്രവർത്തിക്കുവാൻ കഴിയുമോ എന്നു് പരിശോധിക്കുകയാണ് ഇന്നു് ഇപ്പോൾ ഗവണ്മെന്റ് ചെയ്യുവരുന്നതു്. അതിൽ ചേർന്നു പ്രവർത്തിക്കുവാൻ ആഗ്രഹമില്ലാത്ത ആളുകൾക്കു് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ കഴിയും. അതിനു് അനുവാദത്തിന്റെ ആവശ്യമേ ഇല്ല.

ശ്രീ. ഇ. പി. പൗലോസ്: ഗവണ്മെന്റ് ഇപ്പോൾ ഒരു സംഘടന ഉണ്ടാക്കുമ്പോൾ അവർക്കു് കിട്ടുന്ന പ്രോത്സാഹനങ്ങളും, ആനുകൂല്യങ്ങളും അതിൽ പെടാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന സംഘടനകൾക്കും കിട്ടത്തക്കനിലയിൽ അനുവാദം കൊടുക്കുമോ എന്നാണ് ചോദിച്ചതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ഇപ്പോൾ സംവരണമായിൽ വന്നാലും ഇപ്പോഴില്ലെങ്കിലും എല്ലാമണ്ഡലങ്ങളും സംവരണം ചെയ്യുകയാണ്. അതിൽ പ്രവർത്തിക്കുവാനും ഉള്ള സ്വാതന്ത്ര്യം ഉണ്ട്. അതിനുവേണ്ട ഒരുക്കങ്ങൾ ചെയ്തുകൊടുക്കുന്നതിനും ഗവണ്മെന്റിനും വിരോധമില്ല.

ശ്രീമതി കുസുമം ജോസഫ്: ചില മണ്ഡലംസംവരണങ്ങളിൽ പുരുഷന്മാരും പ്രവർത്തിക്കുന്നുണ്ടെന്നു മുഖ്യമന്ത്രി പറഞ്ഞു. അങ്ങനെ പുരുഷന്മാർ പ്രവർത്തിക്കുന്നതു് യോഗ്യതയുള്ള സ്ത്രീകൾ ഇല്ലാത്തതുകൊണ്ടാണോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ഞാൻ പറഞ്ഞതു്, ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചതുപോലെ തോന്നുന്നു. ഈ മണ്ഡലംസംവരണങ്ങളുടെ കാൺസ്റ്റിറ്റ്യൂഷൻ ഇതുവരെ ശ്രദ്ധീകരിച്ചുകഴിഞ്ഞിട്ടില്ല. കാൺസ്റ്റിറ്റ്യൂഷൻ ശ്രദ്ധീകരിക്കുന്നസമയത്തു് ഈ സംവരണങ്ങളിൽ വല്ല പുരുഷന്മാരും വന്നേക്കുമോ എന്നു് എനിക്കു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതു് സ്ത്രീകൾതന്നെ നിശ്ചയിക്കേണ്ടതാണു്.

ശ്രീമതി ലീലാ ദാമോദരമേനോൻ: മണ്ഡലം സംവരണങ്ങളുടെ അംഗങ്ങളായിരിക്കാൻ വരുന്നവരെങ്കിലും മണ്ഡലങ്ങൾ അയിരിക്കണമെന്നുള്ള സാമാന്യതത്വം ഗവണ്മെന്റിനു് അറിയാമോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ഇതിന്റെ കാൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കുന്നതു് മണ്ഡലങ്ങളാണു്. അതുകൊണ്ടു് അക്കാര്യം മണ്ഡലങ്ങൾ മാത്രം തീരുമാനിച്ചാൽ മതിയാകും.

ശ്രീമതി ലീലാ ദാമോദരമേനോൻ: ഔദ്യോഗികമായി കളക്ടറുടെ ലവലിൽ മണ്ഡലംസംവരണങ്ങൾ ഉണ്ടാക്കണമെന്നു തീരുമാനിക്കുന്നതുതന്നെ അനൗദ്യോഗികമായി സംവരണങ്ങൾ ഉണ്ടാക്കുന്നവർക്കു് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യമാണെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ആ വിചാരം ഗവണ്മെന്റിനില്ല.

ശ്രീമതി ലീലാ ദാമോദരമേനോൻ: ഔദ്യോഗികമായി കളക്ടർ മണ്ഡലംസംവരണങ്ങൾ ഉണ്ടാക്കുകയും, അതിൽ അംഗങ്ങളായി ചേരണമെന്നു് അവരോടു് ആവശ്യപ്പെടുകയും ചെയ്യുമ്പോൾ അതിൽ അംഗമാകാതിരിക്കുകയും മറ്റു സംവരണങ്ങളിൽ അംഗമാകുകയും ചെയ്യുന്നതിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടായേക്കുമെന്നുള്ള ഭയാശങ്കകൾ ചില മണ്ഡലങ്ങൾക്കു് ഉണ്ടാകാൻ ഇടയുണ്ടെന്നു് മുഖ്യമന്ത്രിക്കു് അറിയാമോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ഞാൻ മുമ്പു പറഞ്ഞതുപോലെ ജില്ലാ അടിസ്ഥാനത്തിൽ സംവരണങ്ങൾ ശ്രദ്ധീകരിക്കുന്നതുകൊണ്ടു് അതിൽ ചേരുവാൻ തയാറില്ലാത്ത മണ്ഡലങ്ങൾക്കോ, അവരുടെ സംവരണങ്ങൾക്കോ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനു് യാതൊരു തടസ്സങ്ങളും ഉണ്ടാകുന്നതല്ല. ഇന്നു് നടത്തിക്കൊണ്ടുപോകുന്ന പ്രവർത്തനങ്ങളും തുടർന്നു നടത്തിക്കൊണ്ടുപോകുന്നതിനും വിഷമം വരുന്നതല്ല. എങ്കിലും, ഒരു ജില്ലയിലുള്ള എല്ലാ സ്ത്രീകളും യോജിച്ചു പ്രവർത്തിക്കുന്നതിലുള്ള ഒരു രംഗം സൃഷ്ടിക്കുന്നതിൽ എന്താണു് വിരോധം?

ശ്രീ. പി. ടി. ചാക്കോ: മണ്ഡലങ്ങളുടെ സംവരണമുണ്ടാക്കുവാൻ ഗവണ്മെന്റു് മുൻകൈ എടുത്തു പ്രവർത്തിക്കുന്ന നിലക്കു് പുരുഷന്മാരുടെ ഒരു സംവരണമുണ്ടാക്കുവാനും, പിന്നീടു് പുരുഷന്മാരുടെയും സ്ത്രീകളുടേയും കൂടിയുള്ള സംവരണങ്ങളും ഉണ്ടാക്കുവാനും ഗവണ്മെന്റു് ശ്രമിക്കുമോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: അതിനെപ്പറ്റി വളരെ കാര്യമായി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കുസുമം ജോസഫ് : കൊട്ടാങ്ങല്ലൂരിൽ പാർട്ടി പ്രവർത്തനത്തിനു് അതീതമായിരിക്കുമെന്നു് പ്രസ്താവിച്ചുകൊണ്ടു് മഹിളാ സംഘടന രൂപീകരിക്കുവാൻ തുടങ്ങി എങ്കിലും, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽപ്പെട്ട സ്ത്രീകളെ മാത്രം ഉൾപ്പെടുത്തി ഒരു സംഘടനയാണു് രൂപീകരിക്കപ്പെട്ടിട്ടുള്ളതു് എന്നു് ഗവണ്മെന്റിനറിയാമോ ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഓരോന്നിനേയും നിഷേധിച്ചുകൊണ്ടു് ഞാൻ പറയുകയാണു്, ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടുന്ന മഹിളാ സംഘടനകൾ എല്ലാം മഹിളകൾക്കു വേണ്ടിയുള്ളതാണു്, അല്ലാതെ ഒരു പാർട്ടിക്കുള്ളതല്ല.

ശ്രീ. ടി. ഒ. ബാവാ : സർ. ഒരു പായിന്റ് ഓഫ് ആർഡർ. ഈ സഭയിൽ ആകെ അഞ്ചു് സ്ത്രീമെമ്പർമാർ മാത്രമേയുള്ളൂ. അവരുടെ കാര്യത്തെപ്പറ്റിയുള്ള ഒരു ചോദ്യത്തിനു് ഇപ്പോൾ പതിനഞ്ചുമിനിട്ടോളം എടുത്തു കഴിഞ്ഞു. അതു ശരിയാണോ ?

മിസ്റ്റർ സ്പീക്കർ : അല്ല. പക്ഷെ, പിന്നെയും ചോദ്യങ്ങൾ ചോദിക്കുവാൻ അവർ താൽപ്പര്യം പ്രദർശിപ്പിക്കുമ്പോൾ അതു് തടയേണ്ട എന്നു വിചാരിച്ചു.

ശ്രീമതി കെ. ആർ. ഗൗരി : ഈ സഭയ്ക്കുള്ളിൽ അഞ്ചുപേരെ ഉള്ളുവെങ്കിലും, പുറത്തു് ജനസംഖ്യയുടെ 50 ശതമാനംപേർ സ്ത്രീകളായുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർ ഓർമ്മിച്ചാൽ കൊള്ളാം.

ശ്രീമതി ലീലാ ദാമോദരമേനോൻ : എല്ലാ സംഘടനകളും വിവിധ ഉദ്ദേശത്തോടുകൂടിയാണു് പ്രവർത്തിക്കുന്നതു് എന്നുള്ളതുകൊണ്ടും, ഔദ്യോഗിക നിലവാരത്തിൽ ജില്ലാ അടിസ്ഥാനത്തിൽ മഹിളകൾ സംഘടിക്കുന്നതുകൊണ്ടു വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതുകൊണ്ടും, അനൗദ്യോഗിക നിലവാരത്തിൽ സ്റ്റേറിന്റെ അടിസ്ഥാനത്തിൽ അവരവരുടെ കാര്യംനോക്കി പ്രവർത്തിക്കുവാൻ മഹിളാ സംഘടനകൾക്കു് സ്വാതന്ത്ര്യം കൊടുക്കുകയല്ലേ നല്ലതു് ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : ജില്ലാ അടിസ്ഥാനത്തിൽ മഹിളകൾ സംഘടിക്കുന്നതുകൊണ്ടു് അധികം ബുദ്ധിമുട്ടുണ്ടാകുമെന്നു തോന്നുന്നില്ല. അതോടൊപ്പം സ്റ്റേറടിസ്ഥാനത്തിൽ ഏതെങ്കിലും മഹിളാസംഘടനകൾ ഉണ്ടാക്കുന്നതിനു് ആരെയും തടഞ്ഞിട്ടുമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : മഹിളാ സംഘടനകൾ ഉണ്ടാക്കുന്ന സംരംഭം വ്യക്തികൾക്കു് വിട്ടുകൊടുക്കുകയല്ലേ നല്ലതു് ?

Mr. Speaker : The Assembly has become extremely noisy about 'mahilasanghom'

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മഹിളകളുടെ കാര്യത്തെപ്പറ്റി ഇത്രയധികം ശബ്ദം ഇവിടെ ഉണ്ടാക്കുന്നതുകൊണ്ടു് മഹിളകളുടെ പോർട്ട് ഫോളിയോ കുടിവെള്ള മിനിസ്റ്റർക്കു് വിട്ടുകൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

മി. സ്പീക്കർ: മഹിളകൾക്കായി പ്രത്യേകം പോർട്ട് ഫോളിയോ ഇല്ലല്ലോ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഉണ്ടെന്നു തോന്നിപ്പോയി. അതുകൊണ്ടു പറഞ്ഞതാണു്.

LIBRARY ARCHIVES Kerala Legislative Assembly